II ഇ.ബി. XIII- കേരള നിയമസഭ/XI-4

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂൺ 12, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

10(*91) ചെറുകിട സംരംഭകരുടെ ഉല്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രങ്ങളിൽ വില്പന നടത്താൻ നടപടി

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി കൂടി ഡിപ്പോകൾ വഴി ചെറുകിട വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾ പൊതുജനങ്ങളുടെ ആവശ്യാനുസരണം കമ്മീഷൻ ഈടാക്കാതെ വാങ്ങി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രങ്ങളിൽക്കൂടി വില്പന നടത്തുന്നുണ്ടെന്നും ഖാദി, കുടുംബശ്രീ ഉൾപ്പെടെയുള്ള ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉത്പന്നങ്ങൾക്ക് പ്രത്യേകം പ്രാധാന്യം നൽകണമെന്ന കർശനമായ നിർദ്ദേശം സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഏതെങ്കിലും ഡിപ്പോകൾ കുടുംബശ്രീ ഉത്പന്നങ്ങൾ വാങ്ങുന്നില്ലെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ അന്വേഷിച്ച് നടപടിയെടുക്കുന്നതാണ്. ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം എല്ലാ സാധനങ്ങളും മിതമായ നിരക്കിൽ ലഭ്യ

മാക്കുക എന്നതാണ് സപ്ലൈകോയുടെ ലക്ഷ്യം. ഓരോ ഉല്പന്നത്തിന്റെയും എം.ആർ.പി യുടെ 11 മുതൽ 20 ശതമാനം വരെ മാത്രമാണ് മാർജിൻ ആയി ഈടാക്കുന്നതെന്നതിനാൽ സപ്ലൈകോയുടെ എല്ലാ എഫ്.എം.സി.ജി സാധനങ്ങൾക്കും പൊതു വിപണിയെക്കാൾ വളരെ വില കുറവാണ്. പൊതുജനങ്ങളുടെ ആവശ്യാനുസരണം ചെറുകിട സംരംഭകരുടെ ഉല്പന്നങ്ങളും വൻകിട കമ്പനികളുടെ ഉല്പന്നങ്ങളും സപ്ലൈകോ വിപണനം നടത്തി വരുന്നതിനാൽ ഉപഭോക്താവിന് ഇഷ്ടമുള്ള സാധനങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ലഭ്യമാകുന്നുണ്ട്. സ്കൂളുകളിലേയ്ക്കും അംഗൻവാടികളിലേയ്ക്കും കൊടുക്കുന്ന അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. സംഭരിച്ച നെല്ലിന്റെ അരിതന്നെയാണ് മില്ലുകളിൽനിന്നും തിരികെ ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ ബോർഡ്, കൃഷി, സിവിൽസപ്ലൈസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങുന്ന ഇൻസ്പെക്ഷൻ ടീമിനെ നിയോഗിക്കുകയും സർക്കാർ ഉടമസ്ഥതയിൽ മൂന്ന് മില്ലുകൾ ആരംഭിക്കുന്നതിന് സപ്ലൈകോ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 12 പഞ്ചായത്തുകളിൽ പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുള്ളതുകൂടാതെ കേന്ദ്ര ഗവൺമെന്റിൽനിന്നും ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് തീരദേശ മേഖലയിലുൾപ്പെടെ കൂടുതൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതും അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടി ആദിവാസി മേഖലയിൽ പുതിയ ഡിപ്പോ ആരംഭിക്കുന്നതുമാണ്. ലോക്കൽ പർച്ചേസ് നടത്തുന്ന ഉദ്യോഗസ്ഥർ ഉത്പന്നങ്ങൾ വാങ്ങുന്നതിനുള്ള അവസരം ദുരുപയോഗം ചെയ്യുന്നുവെന്ന പരാതി വന്നതിനെ തുടർന്ന് വിൽപ്പന

യുള്ള സാധനങ്ങൾ മാത്രമേ വാങ്ങാൻ പാടുള്ളുവെന്നും ഒരു ഉത്പന്ന ത്തിന്റെ രണ്ടിൽക്കൂടുതൽ ബ്രാന്റുകൾ ഒരേ സമയം ഉണ്ടാകരുതെന്നുമുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും രണ്ട് മാസത്തിലൊരിക്കൽ ഇക്കാര്യം റിവ്യൂ ചെയ്യുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11(*92) <u>കോഴിക്കോട് സർവ്വകലാശാല വി. സി.ക്കെതിരെ നടപടി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) നൽകിയ മറുപ ടിയിൽ, സ്വയംഭരണ സ്ഥാപനങ്ങളായ സർവ്വകലാശാലകളിലെ മേധാവിക ളുടെ നിയമനത്തിനും സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിനും പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുന്നതിനുമടക്കമുള്ള എല്ലാ അധി കാരങ്ങളും ചാൻസിലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണറിൽ നിക്ഷിപ്ത മാണെന്നും സർവ്വകലാശാലകളുടെ പ്രവർത്തനം സംബന്ധിച്ച് വിവിധ സംഘടനകളിൽപ്പെട്ടവർ നൽകിയ നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭി ക്കുകയുണ്ടായെന്നും സഭയെ അറിയിച്ചു. കാലിക്കറ്റ് സർവ്വകലാശാല ആക്ട് 1975 അദ്ധ്യായം 3 ഖണ്ഡിക 10(7) പ്രകാരം വൈസ് ചാൻസിലറുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കേണ്ട പൂർണ്ണ ഉത്തരവാദിത്വം ചാൻസിലറായ ബഹുമാനപ്പെട്ട കേരള ഗവർണറിൽ നിക്ഷിപ്തമാണ്. 16.05.2012-ലെ ജി.എസ്.3-2449/2010 നം. കത്തിലൂടെ ഡോ. എം. അബ്ദുൾ സലാമിന്റെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിച്ചുകൊണ്ട് കാലിക്കറ്റ് സർവ്വകലാശാല രജിസ്ട്രാർക്ക് നൽകിയിരുന്ന ഗവർണറുടെ വിജ്ഞാപനപ്ര കാരമുള്ള ശമ്പളമാണ് വൈസ് ചാൻസിലർ കൈപ്പറ്റുന്നത്. ശമ്പളവും പെൻഷനും ഒരുമിച്ച് കൈപ്പറ്റുന്നതു സംബന്ധിച്ച് വൈസ് ചാൻസിലർ തന്നെ സ്പഷ്ടീകരണം ആവശ്യപ്പെട്ട് ബഹു. ചാൻസിലർക്ക് സമർപ്പിച്ച അഭ്യർത്ഥന,

സർക്കാരിന്റെ പരിഗണനയിലാണ്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റും സർവകലാശാല ഭൂമി പതിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചതിന്റെ പേരിൽ തൃശ്ശൂർ എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ് കോടതി മുമ്പാകെ വിവിധ വ്യക്തികൾ വൈസ് ചാൻസിലറെയും മറ്റ് ഉദ്യോഗസ്ഥരെയും പ്രതി ചേർത്ത് വിജിലൻസ് അന്വേഷണം നടത്തി കേസ് എടുക്കുന്നതിനായി പരാതി സമർപ്പിച്ചതിൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി അപേക്ഷ നിരസിച്ച ഉത്തരവിൽ വൈസ് ചാൻസിലർക്കെതിരെ വിമർശനങ്ങൾ നടത്തിയിട്ടുണ്ട്. മുൻകൂർ അനുമതിയില്ലാതെ വൈസ് ചാൻസിലർ വാങ്ങിയ തുക സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതാണെന്നും കക്ഷിരാഷ്ട്രീയത്തിനതീതമായി വിദ്യാഭ്യാസപരമായും ഭരണപരമായും കഴിവുറ്റ വ്യക്തികളെ സർവ്വകലാശാലകളുടെ വൈസ് ചാൻസിലർമാരായി നിയമിക്കണമെന്നതാണ് സർക്കാർ നയമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

### 12(*93) <u>ഹയർ സെക്കന്ററി സ്കൂളുകളും അധികബാച്ചുകളും</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പുതിയ ഹയർ സെക്കന്ററി സ്കൂളുകളുടെയും ബാച്ചുകളുടെയും ആവശ്യകത സംബന്ധിച്ച് വകുപ്പുതല അവലോകനം നടത്തുകയുണ്ടായിയെന്ന് സഭയെ അറിയിച്ചു. 2013-ൽ ഓരോ ജില്ലയിൽ നിന്നും എസ്.എസ്.എൽ.സി പാസായ കുട്ടികളുടെയും ഹയർ സെക്കന്ററി പഠനത്തിന് ലഭ്യമായ സീറ്റുകളുടെയും അന്തരം സംബന്ധിച്ച് ഹയർ സെക്കന്ററി ഡയറക്ടർ സർക്കാരിന് ലഭ്യമാക്കിയ വിശദാംശ പ്രകാരം എസ്.എസ്.എൽ.സി പാസായ 4,48,661 വിദ്യാർത്ഥികളിൽ 3,35,400 പേർക്കുമാത്രമാണ് സീറ്റുകൾ

ലഭ്യമായിരുന്നത്. കൂടാതെ കുറവുണ്ടായിരുന്ന 1,13,261 സീറ്റുകൾക്ക് പുറമെ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ ഇതര സംസ്ഥാന ബോർഡുകളുടെ പരീക്ഷ പാസായ വിദ്യാർത്ഥികളുടെ ഉപരിപഠന ആവശ്യകതയും നിറവേറ്റേണ്ടതുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷം ഹയർ സെക്കന്ററി മേഖലയിൽ സംസ്ഥാനത്തൊട്ടാകെയായി 3151 മെറിറ്റ് സീറ്റുകളും 2732 മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളും സ്വാശ്രയ മേഖലയിലെ 19302 സീറ്റുകളുമുൾപ്പെടെ 25185 സീറ്റുകളാണ് ഒഴിഞ്ഞുകിടന്നത്. പുതിയ ഹയർ സെക്കന്ററി സ്കൂളുകളും ബാച്ചുകളും തുടങ്ങുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകൾ വകുപ്പുതല വിദഗ്ദ്ധസമിതിയും പൊതുവിദ്യാഭ്യാസ വകുപ്പും പരിശോധിക്കുകയും സംസ്ഥാനത്ത് ഇപ്പോൾ പുതുതായി ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കണ്ട എന്ന നയപരമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തു. സംസ്ഥാനത്തൊട്ടാകെ അധിക ബാച്ചുകൾ മാത്രം അനുവദിക്കാനും സംസ്ഥാനത്തു ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത 148 ഗ്രാമപഞ്ചായത്തുകളിൽ ഒരു സ്കൂളിൽ രണ്ട് ബാച്ചുകൾ വീതം 296 ബാച്ചുകൾ അനുവദിക്കാനും കൂടാതെ എറണാകുളം മുതൽ വടക്കോട്ടുള്ള 8 ജില്ലകളിൽ പ്ലസ് ടു പഠനത്തിനുള്ള സീറ്റുകളുടെ കുറവിന് ആനുപാതികമായി 382 ബാച്ചുകൾ അനുവദിക്കാനും തീരുമാനിക്കുകയുണ്ടായി. സർക്കാർ ഹയർസെക്കന്ററി സ്കൂളുകൾക്ക് പ്രഥമ പരിഗണന കൊടുത്ത് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് അധികബാച്ചുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചത്. പ്ലസ്ടു പഠനത്തിന് നിലവിലുള്ള നാൽപ്പതോളം സബ്ജക്ട് കോമ്പിനേഷനുകൾക്ക് പുറമെ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ആവശ്യമെങ്കിൽ കൂടുതൽ വിഷയങ്ങൾ ഉൾപ്പെടുത്തുന്നതാണെന്നും ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ ഒഴിവുള്ള തസ്തികകളിൽ ഒരു മാസത്തി

നകം നിയമനം നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13(*94) വില്ലേജുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, വില്ലേജുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടെന്നും കമ്പ്യൂട്ടർവൽകൃത ഭൂരേഖ വിതരണം ചെയ്യുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെ ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള ഈ പദ്ധതി ആദ്യഘട്ടമായി സംസ്ഥാനത്തെ 9 ജില്ലകളിലെ റീ–സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് 15.09.2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പ് വഴി നടത്തപ്പെടുന്ന ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കി അതുവഴി കോമൺ ലാന്റ് ഡാറ്റാബേസിന്റെ തത്സമയ നാളതീകരണം ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഈ പദ്ധതി നടപ്പിലാകുന്നതോടുകൂടി നിലവിലെ സംവിധാനമനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കപ്പെടുകയും വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യും. കൂടാതെ സർക്കാർ ഭൂമി കൈമാറ്റം

ചെയ്യപ്പെടുകയോ, പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകുന്നതുമില്ല. റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെയും റവന്യൂ ഐ.റ്റി. സെൽ, എൻ.ഐ. സി., അക്ഷയ സെന്റർ എന്നീ ഏജൻസികളുടെയും സഹകരണത്തോടെ നട പ്പാക്കുന്ന ഈ പദ്ധതി മുഖേന ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയും കൈവരിക്കാനാകും. ഓൺലൈൻ പോക്കുവരവ് നടത്തുന്ന തിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമായി വില്ലേജോഫീസുകളോടനുബ ന്ധിച്ച് ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുന്നതിനെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ഓൺലൈൻ സേവനം ലഭ്യമാക്കുന്ന അക്ഷയ സെന്ററുകൾ അമിതമായി ഫീസ് ഈടാക്കുന്നുണ്ടെങ്കിൽ അതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പോക്കുവരവ് നടത്താനായി കെട്ടിക്കിടക്കുന്ന അപേക്ഷകളിൻമേൽ തീർപ്പുണ്ടാക്കുന്നതിന് ജില്ലകൾ കേന്ദ്രീകരിച്ച് അദാലത്ത് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും വില്ലേജാഫീസുകളിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്തി പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ചും വില്ലേജ്തല സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനെക്കുറിച്ചും ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 958 മുതൽ 1320 വരെയുള്ള ചോദ്യങ്ങളിൽ 81 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രി മാർ രേഖാമൂലം ഉത്തരം നൽകി)